# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 3394 | 23.06.2014-ൽ മറുപടിക്ക്

### ഫിഷ് ലാന്റിംഗ് സെന്ററുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് എത്ര ഫിഷ് ലാന്റിംഗ് സെന്ററുകളുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | 07.12.13 ലെ സ.ഉ.(കൈ) നം. 73/13/മഉവ പ്രകാരം 187 ഫിഷ് ലാന്റിംഗ് സെന്ററുകൾ /പോയിന്റുകൾ ലിസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ എത്ര ഫിഷ് ലാന്റിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 14 പുതിയ ഫിഷ് ലാന്റിംഗ് സെന്ററുകൾക്ക് അനുമതി ലഭ്യമായതിനനുസരിച്ച് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 16 സ്ഥലങ്ങളിൽ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ വഴിയും ഫിഷ് ലാന്റിംഗ് സെന്ററുകളുടെ പദ്ധതികൾ നിർവ്വഹിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിലെ എഴുക്കാട്, കോഴിക്കോട് ജില്ലയിലെ മുഖദാർ, അഴിത്തല എന്നിവിടങ്ങളിൽ ഫിഷ് ലാന്റിംഗ് സെന്ററുകൾ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | എത്ര ഫിഷ് ലാന്റിംഗ് സെന്ററുകളോടൊപ്പം മത്സ്യവിപണനം നടത്തുന്നതിന് ഫിഷ് മാർക്കറ്റുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) യും (ഡി) യും | ഫിഷ് ലാന്റിംഗ് സെന്ററുകളോടൊപ്പം ചേർന്ന് ലേലം ചെയ്യൽ, മൊത്ത മത്സ്യ വിപണനം, എന്നിവയാണ് പ്രധാനമായും നടന്നു വരുന്നത്. ചില്ലറ വ്യാപാരം തുലോം കുറവാണ്. മത്സ്യ വിപണനം നടത്തുന്നതിന് മാത്രമായി ഫിഷ് മാർക്കറ്റുകൾ ഒന്നും ഫിഷ് ലാന്റിംഗ് സെന്ററുകളോടൊപ്പം പ്രവർത്തിക്കുന്നതായി കാണുന്നില്ല. |
| (ഡി) | വിപണന സൗകര്യമില്ലാത്ത സെന്ററുകളിൽ ഈ സൗകര്യം സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ? | | |

സെക്ഷൻ ഓഫീസർ